LIBRARY ARCHIVES Kerala Legislative Assembly

## അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി മരുന്നുകൾ

**97 (2306)** ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഒരു വർഷം ആവശ്യമായിവരുന്ന അലോപ്പതി, അയുർവേദം, ഹോമിയോപ്പതി മരുന്നുകൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഈ മരുന്നുകളുടെ എത്ര ശതമാനം കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ ?

ഉത്തരം

ഇതുസംബന്ധിച്ച കൃത്യമായ വിവരം കണക്കാക്കിയിട്ടില്ല. ഏകദേശം 6000 കോടി രൂപയുടെ അലോപ്പതി മരുന്ന് സംസ്ഥാനത്ത് ഉപയോഗിക്കുന്നതായാണ് കണക്കാക്കുന്നത്. 2014-15 സാമ്പത്തിക വർഷം ഹോംകോ സംസ്ഥാനത്ത് 13.40 കോടി രൂപയുടെ ഹോമിയോപ്പതി മരുന്നുകൾ ഉൽപാദിപ്പിച്ചിട്ടുണ്ട്. ഭാരതീയ ചികിത്സാവകുപ്പിനുകീഴിലുള്ള ആയുർവേദ ആശുപത്രികളിലും ഡിസ്പെൻസറികളിലും ആവശ്യമായ ഔഷധങ്ങൾ സർക്കാർ ഉടമസ്ഥതയിലുള്ള ഔഷധിയാണ് ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നത്. കൃത്യമായ വിവരം കണക്കാക്കിയിട്ടില്ല.

കേരളത്തിൽ ഉപയോഗിക്കുന്ന അലോപ്പതി മരുന്നിന്റെ ഏകദേശം ഒരു ശതമാനം മാത്രമാണ് സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നത്. ആയുർവേദ, ഹോമിയോ മരുന്നുകളുടെ കൃത്യമായ വിവരം കണക്കാക്കിയിട്ടില്ല.

## കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ആയുർവേദ-ഹോമിയോ-യുനാനി ഡിസ്പെൻസറികൾ

**98(2307)** ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ എത്ര ആയുർവേദ-ഹോമിയോ-യുനാനി ഡിസ്പെൻസറികളാണ് പ്രവർത്തിച്ചുവരുന്നതെന്ന് വിശദമാക്കാമോ ;

(ബി) ഇവയിൽ ഓരോന്നിനും ഫണ്ടിംഗ് നൽകുന്നത് ഏതെല്ലാം ഏജൻസികളാണെന്ന് വ്യക്തമാക്കാമോ ;

(സി) ഓരോ ഡിസ്പെൻസറിയിലും നിത്യേന ശരാശരി എത്ര പേർ കൺസൾട്ടിംഗിനായി എത്തുന്നുണ്ടെന്ന് അറിയിക്കാമോ ;

(ഡി) ഇവയിൽ എത്ര ഡിസ്പെൻസറികൾക്ക് സ്വന്തമായി കെട്ടിട സൗകര്യമുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ 4 സർക്കാർ ആയുർവേദ ഡിസ്പെൻസറികളും 2 താത്കാലിക എൻ.ആർ.എച്ച്.എം. ഡിസ്പെൻസറികളും 4 സർക്കാർ ഹോമിയോ ഡിസ്പെൻസറികളും 2 എൻ.ആർ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| ആയുർവേദം | | ഹോമിയോ | |
|---|---|---|---|
| സർക്കാർ | എൻ. ആർ.എച്ച്.എം. | സർക്കാർ | എൻ. ആർ.എച്ച്.എം. |
| ആയുർവേദ ഡിസ്പെൻസറി, പെരുവയൽ | കുന്ദമംഗലം എൻ. ആർ.എച്ച്.എം. | ഹോമിയോ ഡിസ്പെൻസറി, ചാത്തമംഗലം | കുന്ദമംഗലം |
| ആയുർവേദ ഡിസ്പെൻസറി, മാവൂർ | പെരുമണ്ണ എൻ.ആർ.എച്ച്.എം. | ഹോമിയോ ഡിസ്പെൻസറി, മാവൂർ | പെരുവയൽ |
| ആയുർവേദ ഡിസ്പെൻസറി, പന്തീരങ്കാവ് | | ഹോമിയോ ഡിസ്പെൻസറി, ഒളവണ്ണ | |
| ഗവ. ആയുർവേദ ഡിസ്പെൻസറി, വെള്ളന്നൂർ | | പെരുമണ്ണ | |

(ബി) സർക്കാർ ആയുർവേദ/ ഹോമിയോ ഡിസ്പെൻസറികൾക്ക് സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഫണ്ടിംഗ് നൽകുന്നു. നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ഡിസ്പെൻസറികൾക്ക് നാഷണൽ റൂറൽ ഹെൽത്ത് മിഷനും ഫണ്ടുകൾ നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി)

1. ഗവ. ആയുർവേദ ഡിസ്പെൻസറി - പെരുവയൽ - 133 പേർ
2. കുന്ദമംഗലം എൻ.ആർ.എച്ച്.എം.- 65 പേർ
3. ഗവ. ആയുർവേദ ഡിസ്പെൻസറി, മാവൂർ- 146 പേർ
4. പെരുമണ്ണ എൻ.ആർ.എച്ച്.എം.- 65 പേർ
5. ഗവ. ആയുർവേദ ഡിസ്പെൻസറി, പന്തീരങ്കാവ്- 118 പേർ
6. ഗവ. ആയുർവേദ ഡിസ്പെൻസറി, വെള്ളന്നൂർ -87 പേർ
7. സർക്കാർ ഹോമിയോ ഡിസ്പെൻസറി, ചാത്തമംഗലം- 55 പേർ
8. എൻ.ആർ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറി, കുന്ദമംഗലം-69 പേർ
9. സർക്കാർ ഹോമിയോ ഡിസ്പെൻസറി, മാവൂർ- 47 പേർ
10. എൻ.ആർ.എച്ച്.എം. ഹോമിയോ ഡിസ്പെൻസരി, പെരുവയൽ-91 പേർ
11. സർക്കാർ ഹോമിയോ ഡിസ്പെൻസറി, ഒളവണ്ണ- 70 പേർ
12. എൻ.ആർ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറി,പെരുമണ്ണ- 47 പേർ

(ഡി) ഇവയിൽ സർക്കാർ ആയുർവേദ ഡിസ്പെൻസറി പെരുവയൽ, സർക്കാർ ആയുർവേദ ഡിസ്പെൻസറി വെള്ളന്നൂർ എന്നീ സ്ഥാപനങ്ങൾക്കും ചാത്തമംഗലം, മാവൂർ, ഒളവണ്ണ, പെരുമണ്ണ എന്നീ സർക്കാർ ഹോമിയോ ഡിസ്പെൻസറികൾക്കും സ്വന്തം കെട്ടിട സൗകര്യമുണ്ട്.

## ആയുർവേദ വകുപ്പിൽ അപ്ഗ്രേഡ്ചെയ്ത സ്ഥാപനങ്ങൾ

**99 (2308)** ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ ആയുർവേദ വകുപ്പിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് അപ്ഗ്രേഡ് ചെയ്തിട്ടുള്ളതെന്നും ഈ സ്ഥാപനങ്ങളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ?